DISPATCHED
23/06/2020

22/02/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1374(2)/2017**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8098**/എസ്.ഐ.സി-ജി 6/17)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഡി.വിനോദ്കുമാർ,
പുതിയവീട്ടിൽ,
കരുവറ്റുംകുഴി,
കരീലകുളങ്ങര പി.ഒ. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സൂപ്രണ്ടിംഗ് ഹൈഡ്രോ ജിയോളജിസ്റ്റ് (ജനറൽ),
ഭൂജലവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്,
കവടിയാർ പി.ഒ., തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡയറക്ടർ,
ഭൂജലവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്,
കവടിയാർ പി.ഒ., തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.03.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.04.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.05.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.05.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.06.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.06.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 **കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം.** |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | **ഹാജരായില്ല.**<br>**ഹാജരായിരുന്നു.** |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഡി.വിനോദ് കുമാർ, 12.06.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 14.06.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1374(2)/17/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.03.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 27.04.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 05.05.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 31.05.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 11.07.2017ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 7, 8 എന്നീ ഇനങ്ങൾക്ക് ജെ.സി.ആർ. റിഗ്ഗിന്റെ പർച്ചേസുമായി ബന്ധപ്പെട്ട എഗ്രിമെന്റിന്റെ പകർപ്പ് നൽകിയെന്നുമാണ്. തുടർന്ന് ടിയാൻ അപ്പീൽ സമർപ്പിക്കുകയും ആയതിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതാണ് എന്നാരോപിച്ചിരിക്കുന്നതിനാൽ റിഗ്ഗ് വാങ്ങിയതുമായി ബന്ധപ്പെട്ട എഗ്രിമെന്റിന്റെ പകർപ്പ് നൽകിയിട്ടുണ്ടെന്നും ആയതിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടെന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കാനില്ല എന്ന വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നുമാണ്. കൂടാതെ ടിയാൻ ഒരേ വിഷയത്തിന്മേൽ നിരന്തരം അപേക്ഷ സമർപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണെന്നും ടി കാരണത്താലാണ് റിഗ്ഗ് പർച്ചേസുമായി ബന്ധപ്പെട്ട എഗ്രിമെന്റിനെക്കുറിച്ചുള്ള ടിയാന്റെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് എഗ്രിമെന്റിന്റെ പകർപ്പ് നൽകിയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും ഫീസൊടുക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റിന്റെ പകർപ്പ് നൽകിയിട്ടുണ്ടെന്നും ടി വിഷയം സംബന്ധിച്ച് കേസിന്റെ അന്വേഷണം നടന്നുവരുന്നുവെന്നുമാണ്. എന്നാൽ വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ഇതേ വിഷയം ഉന്നയിച്ച് ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച CP 36(7)/15 എന്ന പരാതി ഹർജി തീർപ്പാക്കി വസ്തുതകൾ വിശദമായി പ്രതിപാദിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/